PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

FIRST SESSION—1950

Thursday, *the 20th April 1950*

Vol. I] OFFICIAL REPORT [No. 32

The Assembly met in the Legislative Chamber, Trivandrum, at 11 of the clock on Thursday, the 20th April 1950 with Mr. Speaker in the Chair.

LEGISLATIVE BUSINESS

The Travancore-Cochin Agricultural Income-tax Bill

Minister for Finance and Revenue **(Sri. A. J. John):** Sir, I move that the Travancore-Cochin Agricultural Income Tax Bill as amended be passed.

Chief Minister **(Sri T. K. Narayana Pillai):** I second it.

ശ്രീ. ഇട്ടീര അമ്മുക്കൻ: സർ, ഈ കാർഷികാദായനികുതി ബില്ലിന്റെ മൂന്നാം വായന കഴിച്ചു് അവസാനമായി ഈ സഭയുടെ അംഗീകാരം നൽകുന്നതിനു് മുമ്പായി ചില കായ്ക്കുകൂടി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ഈ കാർഷികാദായനികുതി ഒരു ഡബിൾ ടാക്സേഷൻ ആണു്. ഈയവസരത്തിൽ ഇപ്രകാരം ഒരു ബിൽ നടപ്പിലാക്കി കർഷകരെ ഒരു ഇരട്ടി നികുതിക്കു വിധേയരാക്കിത്തീർക്കേണ്ടതായിരുന്നോ എന്നുള്ളതു് ഒരു വലിയ വിവാദവിഷയമാണു്. ഇന്നു കർഷകന്റെ ഉല്പന്നങ്ങൾക്കു് ഉപഭോക്താക്കൾ കൊടുക്കുന്ന വില മുഴുവൻ കർഷകനു കിട്ടാതിരിക്കത്തക്കനിലയിൽ ഗവണ്മെണ്ടു് ഇടയ്ക്കുനിന്നു ഒരു വലിയ ലാഭമെടുക്കുന്നുണ്ടു്. നെല്ലാണെങ്കിൽ ഗവണ്മെണ്ടു് ഒരു രൂപാ പത്തു് അണയ്ക്കു് വാങ്ങി അരിയാക്കി ഒരു ഇടങ്ങഴിക്കു ഏഴു് അണ എട്ടു പൈവച്ചു നാലുരൂപാ പതിമൂന്നണയ്ക്കാണു് ഒരു പറ അരി വില്ക്കുന്നതു്. ആ നിലയിൽ ഗവണ്മെണ്ടിനു് ഒരു ലാഭം കിട്ടുന്നുണ്ടു്. ഈ ഐക്യസംസ്ഥാനത്തു ഒരു കോടിപ്പറ നെല്ലു് കർഷകരിൽനിന്നെടുക്കുന്നുണ്ടു്. അതു് കണക്കാക്കിയാൽ കാണാം കർഷകർ ഈ ഗവണ്മെണ്ടിന്റെ നിലനില്പിനുവേണ്ടി എത്രാണ്ടു് അരക്കോടി രൂപായോളം നഷ്ടപ്പെടുന്നുണ്ടെന്നു്. അങ്ങനെ വളരെ നഷ്ടങ്ങളും ക്ലേശങ്ങളും സഹിച്ചു് ഈ ഗവണ്മെണ്ടിനെത്തന്നെ നിലനിർത്തിക്കൊണ്ടുപോരുന്ന കൃഷിക്കാരിൽ ഇന്നു ഒരു ആദായനികുതി കൂടി കെട്ടിവയ്ക്കുന്നതു് ഈ ഗവണ്മെണ്ടിനു് ഭൂഷണമാണെന്നു എനിക്കു് തോന്നുന്നില്ല. ഇന്നു ഇൻഡ്യയിൽ വളരെ ചുരുക്കം ചില പ്രാവിൻസുകളിൽ മാത്രമെ കാർഷികാദായനികുതി നടപ്പിലുള്ളൂ. നമ്മുടെ അയൽപ്രവിശ്യയായ മദ്രാസിൽ ഈ നികുതിയില്ല. സർ, ഇതിലും ഭാരിച്ച നികുതി ഉൾക്കൊള്ളുന്ന നിയമങ്ങൾ ഇവിടെ പാസാക്കുന്നതിനു് ഇന്നത്തെ ഗവണ്മെണ്ടിനു് യാതൊരു പ്രയാസവുമില്ലെന്നു എനിക്കറിയാം. മൃഗീയഭൂരിപക്ഷമാകുന്ന ആനപ്പുറത്തിരുന്നുകൊണ്ടു് ആരുടെ വേലിയും പൊളിക്കുന്നതിനു് ഈ ഗവണ്മെണ്ടിനു് യാതൊരു പ്രയാസവുമില്ല. എന്നാൽ ഈ നികുതിയെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ കാൺഗ്രസ് പാർട്ടി അംഗങ്ങൾക്കുതന്നെ അഭിപ്രായവ്യത്യാസമുണ്ടെന്നും അവരിൽ പലരും ഞങ്ങളുടെ അഭിപ്രായത്തോടു് യോജിക്കുന്നവരാണെന്നും അവർ ഹാജരാക്കിയിരുന്ന ഭേദഗതികൾ പരിശോധിച്ചാൽ കാണാവുന്നതാണു്. പാർട്ടി നിബന്ധനയനുസരിച്ചു് അവരുടെ അഭിപ്രായം തുറന്നു പറയുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ലാതിരുന്നതുകൊണ്ടു് മാത്രമാണു് അങ്ങനെയുള്ള ഭേദഗതികളിൽ ചിലതു ഇവിടെ അവതരിപ്പിക്കാതെ പോയിട്ടുള്ളതു്. ആ നിലയിൽ ഗവണ്മെണ്ടു് സ്വന്തം പാർട്ടിയിലുള്ള അഭിപ്രായത്തെപ്പോലും അവഗണിച്ചാണു് ഇന്നിപ്രകാരമുള്ള ഒരു നിയമം നടപ്പിലാക്കാൻ പോകുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ കാർഷികാദായ നികുതി ബിൽ സംബന്ധിച്ചു ജനങ്ങൾക്കുള്ള പ്രധാന ആക്ഷേപം ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്. അതായതു് ഈ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ittiera Ambooken]

മെന്നുണ്ട് ആദ്യം ചെയ്യേണ്ടതു് ആദ്യം ചെയ്തില്ലെന്നാണു്. ഭൂനികുതി സമീകരിക്കുന്നതിനു് മുമ്പായി ഇപ്രകാരം ഒരു ബിൽ അവതരിപ്പിച്ചതു് ഒരിക്കലും സമുചിതമല്ല. ഈ നിയമം സമീകരിക്കാമെന്നൊരു വാഗ്ദാനം ചെയ്തതു് കുറച്ചാശ്വാസപ്രദമാണെങ്കിലും അങ്ങനെ ഒരു വാഗ്ദാനം ഉണ്ടായതുകൊണ്ടുമാത്രം യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. സർ, നികുതി പിരിക്കാനുള്ള ബിൽ ഇവിടെ പാസാക്കി നിയമമാക്കുമ്പോൾ നികുതി ഇളവു ചെയ്തുകൊടുക്കുന്ന കാര്യം വെറും ഒരുതരം പറച്ചിൽ മാത്രമായി കലാശിക്കുന്നതിന്റെ പൊള്ളത്തരം മനസ്സിലാക്കാവുന്നതാണു്. ഇക്കാര്യത്തിൽ മന്ത്രിക്കുടി ഈ ഗവണ്മെന്റിനോടു് ഊന്നിപ്പറയേണ്ടതുണ്ടു്. ഈ സംയോജനത്തിനു് ഉത്തരവാദികൾ ഇന്നത്തെ മന്ത്രിമാരും സ്ഥാനം ഒഴിഞ്ഞ കുറെ ആളുകളും ആണു്.

ശ്രീ. കെ. അയ്യപ്പൻ: മറ്റു് അവന്തൂർ നാട്ടുരാജ്യങ്ങളിലോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇപ്രകാരമുള്ള ഒരു സംയോജനത്തിനു് ഉത്തരവാദികൾ എന്നു വ്യാഖ്യാനിച്ചാൽ മതി.

സർ, ഈ സംയോജനം നടത്തിയതിനെയല്ല ഞാൻ പ്രധാനമായി ആക്ഷേപിക്കുന്നതു്. ഈ സംയോജനത്തിനു് ഉത്തരവാദികളായവർക്കു നാട്ടിൽ ഐക്യരൂപ്യമുള്ള നികുതി സമ്പ്രദായങ്ങൾ നടപ്പിലാക്കാനുള്ള ചുമതലകൂടി ഉണ്ടെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിൽ കാർഷികാദായനികുതി ഉണ്ടായിരുന്നില്ലെന്നാണോ പറയുന്നതു്?

ശ്രീ. ഇട്ടീര അമ്പൂക്കൻ: കാർഷികാദായ നികുതിയെപ്പറ്റിയല്ല, നികുതി സമീകരണത്തെപ്പറ്റിയാണു് ഞാൻ പറഞ്ഞുകൊണ്ടുവരുന്നതെന്നു എന്റെ മാന്യസ്നേഹിതൻ ധരിക്കാത്തതു കഷ്ടമായിപ്പോയി. ഈ നികുതികൾ സമീകരിക്കുന്നതിനു് ഇന്നത്തെ മന്ത്രിമാർക്കു് വലിയ ഒരു ഉത്തരവാദിത്വമുണ്ടു്. ഈ അസംബ്ലി അവസാനിക്കുന്നതിനു മുമ്പുതന്നെ ആ കാര്യം ശരിപ്പെടുത്തേണ്ട ധാർമ്മികമായ ചുമതല അവർക്കുണ്ടു്. ധനകാര്യമന്ത്രി കൊച്ചിയിൽനിന്നും വന്നിട്ടുള്ള കുറെ മെമ്പറന്മാരേയും കൊച്ചിയിലെ ജനങ്ങളേയും തല്ക്കാലം മനസ്സാശ്വസിപ്പിക്കാൻ അടുത്തുതന്നെ അതു നടപ്പിലാക്കാമെന്നു പറഞ്ഞതുകൊണ്ടു് വലിയ പ്രയോജനമൊന്നുമില്ല. അങ്ങനെ അമിതമായ നികുതികൊടുത്തുകൊണ്ടിരിക്കുന്ന കൃഷിക്കാരോടും കുടിയാന്മാരോടും ശരിയായി ഒരു ദയ കാണിക്കണമെന്നു് അഭിപ്രായം ഉണ്ടായിരുന്നുവെങ്കിൽ കൊച്ചിയിൽ കുടിയാന്മാർക്കു് അധികം കൊടുത്ത തുക ഇളവു് ചെയ്യാമെന്നൊരു വാഗ്ദാനംകൂടി അവർക്കു് നൽകേണ്ടതായിരുന്നു. എന്നാൽ ആ കാര്യം സംബന്ധിച്ചു യാതൊരു വ്യത്യാസവും ഉണ്ടാകുകയില്ലെന്നാണു് ധനകാര്യമന്ത്രി പറഞ്ഞതു്.

സെലക്ട് കമ്മിറ്റി വരുത്തിയിട്ടുള്ള ചില ഭേദഗതികളെ സംബന്ധിച്ചും രണ്ടു വാക്കു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. സെലക്ട് കമ്മിറ്റി സൂപ്പർടാക്സ് ബില്ലിൽ ഉൾപ്പെടുത്തിയതു സാധാരണക്കാർക്കു് കുറച്ചൊരാശ്വാസം നൽകുന്നുണ്ടു്. എന്നാൽ അതേസമയം തന്നെ സൂപ്പർടാക്സിൽനിന്നും വലിയ കമ്പനികൾക്കും മുതലാളികൾക്കും ഒഴിയാനുള്ള ധാരാളം ആനുകൂല്യങ്ങളും കുരുട്ടുവഴികളും ബില്ലിൽത്തന്നെ കൊള്ളിച്ചിട്ടുണ്ടു്. അങ്ങനെ സെലക്ട് കമ്മിറ്റിയിലെ ഏതോ ഒരു ബുദ്ധിശാലിയുടെ നയതന്ത്രം ഇതിൽ നല്ലവണ്ണം ഫലിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയുന്നതാണു്. സെലക്ട് കമ്മിറ്റി ൨,൦൦൦ രൂപയെന്നുള്ള നിയമം ൩,൦൦൦ രൂപയാക്കി ഉയർത്തിയതു് ആശ്വാസപ്രദമായിട്ടുണ്ടു്. എന്നാൽ അതേ അവസരത്തിൽ ആദ്യത്തെ സംഖ്യക്കു് അര അണയെന്നുള്ളതു് മുക്കാൽ അണയായി ഉയർത്തിയിട്ടുമുണ്ടു്. ആ സ്ഥിതിക്കു് കൂടുതൽ ലാഭകരമായ വ്യത്യാസമാണു് സെലക്ട് കമ്മിറ്റി വരുത്തിയിട്ടുള്ളതു്.

മിസ്റ്റർ സ്പീക്കർ: ബില്ലിന്റെ വിശദാംശങ്ങളിലേയ്ക്കു കടന്നു ചർച്ചനടത്തേണ്ട അവസരമല്ല ഇതു്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഈവക കാര്യങ്ങളെ സംബന്ധിച്ചു്, പ്രത്യേകിച്ചും ൻ പൈന്നു പൈ ആക്കണമെന്നുള്ളതിലേക്കു് കാൺഗ്രസ്പാർട്ടിയിൽനിന്നും ഭേദഗതികൾ അയച്ചിരുന്നു. എന്നാൽ അതൊന്നും സ്വീകരിക്കാൻ ഗവണ്മെന്റിനു് ദയവുണ്ടായില്ല. മറ്റൊന്നു എനിക്കു പറയാനുള്ളതു് പല തൊഴിലാളി നേതാക്കന്മാരും ഈ സഭയിൽത്തന്നെ പറ

LIBRARY ARCHIVES Kerala Legislative Assembly

യുകയുണ്ടായി, ഈ ഗവണ്മെണ്ട് തൊഴിലാളികളോട് അനുകൂല്യമൊന്നും കാണിക്കുന്നില്ലെന്നും കൃഷിക്കാരോടാണ് അനുകൂല്യം കാണിക്കുന്നതെന്നും. മി. ഡീവർതന്നെ പറഞ്ഞ ഒരു കാര്യമാണിതു്. എത്ര ആലോചിച്ചിട്ടും ആ അനുകൂല്യം എന്തെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷെ കൃഷിക്കാർക്കുള്ള അനുകൂല്യം ഫുഡ് പ്രൊഡക്ഷൻ ബോർഡു ചെലവാക്കുന്ന ഒരു കോടി രൂപയാണെങ്കിൽ അതു യഥാർത്ഥ കൃഷിക്കാർക്ക് അനുകൂല്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ആ സംഖ്യ മുന്നുകൊല്ലവും അഞ്ചുകൊല്ലവും കൊണ്ടു് ഫലപ്രദമാകുമെന്നു വിചാരിക്കുന്ന സ്കീമുകളിൽ കൊണ്ടുപോയി തുലയ്ക്കുകയാണു്. വാസ്തവത്തിൽ ആ സ്കീമുകളും അതുപോലെയുള്ളതാണെന്നു ഇതിനകംതന്നെ വിധി നിർണ്ണയിച്ചുകഴിഞ്ഞിട്ടുള്ളതാണു്. യഥാർത്ഥ കൃഷിക്കാരനു് ഇന്നു ഒരുതുള്ളിവെള്ളം കൊടുക്കുന്നുണ്ടെങ്കിൽ ആ ഓരോ തുള്ളി വെള്ളത്തിനും ഗവണ്മെണ്ടു് വാട്ടർസെസ് ഈടാക്കുന്നുണ്ടു്.

മറ്റൊന്നെനിക്കു പറയാനുള്ളതു് ഗവണ്മെണ്ടു് ഈ ബിൽ പാസ്സാക്കി നികുതിപിരിക്കാൻ തുടങ്ങുന്നതിനു് മുമ്പെങ്കിലും താരതമ്യേന അധികം കൃപാ ഇപ്പോൾ നികുതികൊടുത്തുകൊണ്ടിരിക്കുന്ന കൊച്ചുവിഭാഗത്തിനു് ഈ നിയമത്തിൽ എന്തെങ്കിലും ഒരു വിട്ടുവീഴ്ച ചെയ്യാൻ സന്നദ്ധമാകണമെന്നാണു്. സെൻടലിൽനിന്നും നമ്മുടെ രാജ്യത്തെ ആദായങ്ങളും അതുപോലെയും കൊണ്ടുപോയതുകൊണ്ടു് ഇപ്രകാരം ഒരു നിയമം ഇവിടെ നടപ്പിലാക്കാതെ നിവൃത്തിയില്ലെന്ന ഒരു കാലഘട്ടത്തിൽ നാം എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ ഇതു നടപ്പിൽ വരുത്തുന്നതിൽ ഞങ്ങൾക്കു വിരോധം ഉണ്ടാവുകയില്ലായിരുന്നു. എന്നാൽ ഈ രാജ്യത്തെ വമ്പിച്ച മുതലെടുപ്പുകാരും വൻ ആദർശത്തിന്റെ പേരിൽ മദ്യനിരോധനം മൂലം നഷ്ടപ്പെടുത്തിക്കൊണ്ടു് ആവശ്യമില്ലാത്ത ഒരു നികുതി ചുമത്താൻ ഈ ഗവണ്മെണ്ടു് തയാറാകുന്നതാണു് ഞങ്ങൾക്കുള്ള പ്രധാന ആക്ഷേപം.

സർ, മറ്റൊരു കാര്യംകൂടി ഇപ്പോൾ പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങളുടെ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളും കൃഷിക്കാരും ഒരേകീകൃത കേരളത്തിനുള്ള എതെങ്കിലും ആശാകിരണം ഉണ്ടാകുമോ എന്നു പരീക്ഷിക്കാൻ വേണ്ടിയാണു് ഈ സംയോജനത്തിനുതന്നെ സമ്മതിച്ചിട്ടുള്ളതും ഇപ്പോഴും അതിനെതിരായി ബഹളം കൂട്ടാതിരിക്കുന്നതും. എന്നാൽ തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടു് യാതൊരു പുരോഗമനപരമായ പന്ഥാവിലേക്കും.....

മിസ്റ്റർ സ്പീക്കർ: അതിവിടെ സംഗതമല്ല.

ശ്രീ. ഇട്ടീര അയ്യക്കൻ: ഈ നികുതികൊണ്ടു് അതുപോലെയുള്ള എന്തെങ്കിലും പുരോഗമനത്തിനായിരുന്നുവെങ്കിൽ ഞങ്ങളുടെ ആക്ഷേപം ഉണ്ടാകുമായിരുന്നില്ലെന്നാണു് ഞാൻ പറയുന്നതു്. എന്നാൽ അങ്ങനെ ഒരു പുരോഗമനത്തിനു് ഈ ഗവണ്മെണ്ടു് ആത്മാർത്ഥമായി യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നു.....

Mr. Speaker: These detailed references to the provisions of the Bill cannot be allowed. Opposing the Bill at this stage may be made.

ശ്രീ. ഇട്ടീര അയ്യക്കൻ. ഇതു രാജ്യത്തിന്റെ പുരോഗമനത്തിനുവേണ്ടിയുള്ള ഒരു ഡബിൾ ടാക്സേഷനായിരുന്നു എങ്കിൽ ഞങ്ങൾക്കതിൽ സങ്കടമുണ്ടാകയില്ല. ഇനി ഞാൻ ആ വിഷയത്തിൽനിന്നു് വിരമിക്കാം.

ഈ ഇൻകം ടാക്സ് ആക്ടു് നടപ്പാക്കുമ്പോൾ അതിലേയ്ക്കു പ്രത്യേകമായി സ്റ്റാഫും നികുതി പിരിക്കുന്നതിനുള്ള ഓഫീസുകളും ഉണ്ടാക്കേണ്ടതായിട്ടുണ്ടു്. അങ്ങനെയുള്ള സൗകര്യങ്ങൾ എല്ലാമുണ്ടാക്കി ഈ നികുതി പിരിക്കുന്നതുകൊണ്ടു് ഗവണ്മെണ്ടുദ്ദേശിക്കുന്ന മാതിരി ആദായം കിട്ടുമോ എന്നു ഞാൻ സംശയിക്കുന്നു. ഇപ്രകാരം കർഷകരിൽനിന്നും നികുതി പിരിക്കാം എന്നു വിചാരിക്കുന്നതുകൊണ്ടു് ഇപ്പോൾ ജോലിയില്ലാതാകുന്ന കുറച്ചാളുകൾക്കു് ജോലി കൊടുക്കാമെന്നുള്ളതായിരിക്കും ഗവണ്മെണ്ടിന്റെ ഉദ്ദേശം. അങ്ങനെ ജോലി ഉണ്ടാക്കിക്കൊടുക്കുന്നതു് നല്ലതുതന്നെ. ഈ ജോലികളിൽ നിയമിക്കുന്ന ഇൻകം ടാക്സ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു കൂടുതൽ നിഷ്കർഷവയ്ക്കുന്നതാണു് എന്നു ധനകാര്യ മന്ത്രി ഇവിടെ പറഞ്ഞതു ആശ്വാസകരമാണു്. അതു കേട്ടതിൽ കുറെ ആശ്വാസമുണ്ടെങ്കിലും ഒരുകാര്യം കൂടി അദ്ദേഹം ശ്രദ്ധിച്ചാൽ കൊള്ളാമെന്നു അദ്ദേഹത്തോടൊരുപേക്ഷയുണ്ടു്. സർ, ഈ ഇൻകം ടാക്സ് ഇൻസ്പെക്ടരന്മാരായി നിയമിക്കപ്പെടുന്നവർ കുറച്ചു ദോഷം കുറഞ്ഞ ആളുകളായിരുന്നാൽ കൊള്ളാമായിരുന്നു. പലപ്പോഴും മാനമായും മര്യാദയായും ജീവി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ittiera Ambooken]

ക്കുന്ന കർഷകർ അവരുടെ അടുത്തു ചെന്നു് തങ്ങളുടെ കണക്കുകൾ ഒന്നു പരിശോധിക്കണമെന്നു പറയുകയാണെങ്കിൽ അതിനു സഭകര്യമില്ലെന്നു പറയും. വീണ്ടും അതൊന്നു നോക്കണമെന്നു പറയുകയാണെങ്കിൽ അവർ സിംഹത്തെപ്പോലെ ഗർജ്ജിച്ചു തുടങ്ങും. സർ, ഞാൻ പറയുന്നതു ഒട്ടും അതിശയോക്തിയല്ല. ഞാൻ കണ്ട ഒരു സംഗതിയാണു്. വേണമെങ്കിൽ ഒരുദാഹരണം പറയാം. എന്റെ അയൽക്കാരനായ ഒരു കർഷകൻ വളരെ അധികം സംഖ്യ നികുതികൊടുത്തുകൊണ്ടിരുന്നു.

മിസ്റ്റർ സ്പീക്കർ: ഇതെല്ലാം ഈ ബിൽ പാസാക്കിയതിനുശേഷം എടുക്കേണ്ട നടപടികളാണു്. ഈ ബിൽ ഇപ്പോൾ പാസാക്കുന്നതിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ മാത്രം സംസാരിച്ചാൽ മതിയാകും.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഈ ബിൽ ഇതേപടി പാസാക്കുന്നതിനുമുമ്പു ചില കാര്യങ്ങൾ ഗവണ്മെന്റു് ശ്രദ്ധിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എ. കെ. ജോഷ്വാ: ഈ ബിൽ ഇതേപടി ഈ നിയമസഭ പാസാക്കിയാൽ അടുത്ത തെരഞ്ഞെടുപ്പിനു ബഹു. മെമ്പർക്കു് മാളാ കാൺസ്റ്റിറ്റ്വൻസിയിൽനിന്നും വോട്ടു ലഭിക്കയില്ലെന്നുള്ള ഭയമാണോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: അദ്ദേഹം ഇതിനുമുമ്പും പല ചോദ്യങ്ങളും ചോദിച്ചിട്ടുണ്ടു്. ഇതിനെങ്കിലും ശരിയായ ഉത്തരം പറയണമെന്നു തോന്നിയിട്ടുണ്ടെങ്കിൽ, അതേപ്പറ്റി എനിക്കു പറയാനുള്ളതു് ഞാനോ എന്നെപ്പോലെയുള്ളവരോ അല്ല മി. ജോർജ്ജിന്റെ പാർട്ടിയിൽപ്പെട്ട ഈ അസംബ്ലിയിലെ വളരെ അധികം പേരാണു്. പ്രചരണപ്രസംഗങ്ങളും നടത്തുന്നതു എന്നുള്ള സംഗതി ഇവിടത്തെ പ്രൊസീഡിംഗ്സു് എടുത്തുനോക്കിയാൽ കാണാവുന്നതാണു് എന്നാണു്. എന്നുമാത്രമല്ല നാമനിർദ്ദേശനപേപ്പർ കൊടുക്കുന്നതിനു് തലേദിവസംമാത്രം ഖദർ വസ്ത്രങ്ങളും ധരിച്ചു കാൺഗ്രസ്സു് ആദർശങ്ങളും പറഞ്ഞു നടക്കുന്ന കാൺഗ്രസ്സുമെമ്പറന്മാരെക്കാൾ ഞങ്ങൾക്കു കൂടുതൽ ആത്മാർത്ഥതയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. കെ. ജോഷ്വാ: ഞാൻ ഏതെങ്കിലും ചോദ്യം ചോദിച്ചാൽ ഇയർഡു് ചെയ്യാൻ ഭയമുണ്ടോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: അദ്ദേഹത്തിനു് എന്തെങ്കിലും ചോദ്യം ചോദിച്ചു് എന്നെ ഉപദ്രവിക്കണമെന്നാണെങ്കിൽ ഇനിയും ചോദ്യം ചോദിക്കുന്നതിനു വിരോധമില്ല.

സർ, ഇതേവിധത്തിൽ പലതും ഈ ഗവണ്മെന്റു് പാസാക്കുന്ന ഈ സന്ദർഭത്തിൽ ഒരു സന്ദേശംമാത്രമാണു് എനിക്കു കൊടുക്കാനുള്ളതു്.

Mr. Speaker: That is not relevant.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഈ കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഭരണികൾ സമീകരിക്കുന്നതിനു് ഈ ഗവണ്മെന്റു മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. തര്യത്തു കുഞ്ഞിത്തൊമ്മൻ: സർ, ഈ ബില്ലിന്റെ എതിർപ്പിനെ എതിർത്തുകൊണ്ടു് ചില കാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ബിൽ രണ്ടു വായന കഴിഞ്ഞു മൂന്നാമതു വായനക്കു് വന്നിരിക്കുകയാണു്.

മിസ്റ്റർ സ്പീക്കർ: ഈ ബില്ലിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ സംസാരിക്കാം.

ശ്രീ. തര്യത്തു കുഞ്ഞിത്തൊമ്മൻ: എതിർപ്പിനെ എതിർക്കാൻ എനിക്കവകാശമുണ്ടല്ലോ. ഞാനും പാർട്ടിയിൽപ്പെട്ട ആളല്ലേ? എനിക്കു പറയാനുള്ളതു് രൂക്ഷകം ഉണ്ടാക്കുന്നതാണു്. ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു രൂക്ഷകം ഉണ്ടാക്കിക്കഴിഞ്ഞാൽ ജനങ്ങളുടെ അതായതു് കർഷകരുടെ പുരോഗതിക്കല്ല, അധോഗതിക്കാണു് ഇടയാകുന്നതു്. അങ്ങിനെയുള്ള ഒരു അന്തരീക്ഷമാണു് ഇപ്പോൾ വന്നിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഈ ബില്ലിനെ കർഷകസംഘങ്ങളും രൂക്ഷിക്കാരും എല്ലാം എതിർക്കുകയാണു്. യാതൊരു കർഷകസംഘവും ഇതിനെ അനുകൂലിച്ചിട്ടില്ല. ഈ രാജ്യത്തെ പത്രങ്ങളാണെങ്കിൽ "ഈ നിയമം നമുക്കു വേണ്ടേ വേണ്ടാ, ഇതു നമുക്കു കണ്ണുകൊടാലിയാണു്" എന്നു പറയുന്നു. ഇങ്ങനെയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

അന്തരീക്ഷത്തിൽ നാം വളരെ കരുണയോടുകൂടി ജനങ്ങൾക്കു തൃപ്തികരമായ വിധത്തിലുള്ള ഒരു നിയമമാണു് നടപ്പിലാക്കേണ്ടതു്. ഇതു കർഷകരുടെ അഭിവൃദ്ധിക്കുതകുന്നതായിരിക്കണം. കർഷകരുടെ അഭിവൃദ്ധിയും കൃഷിയുടെ അഭിവൃദ്ധിയും ഈ ബില്ലിന്റെ പ്രയോഗത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഈ ബില്ലിനെ സംബന്ധിച്ചു് പറയുന്നതു ചൂടുകൊണ്ടു് വളരുന്ന ഒരു ചെടിക്കു ചൂടുവെള്ളം ഒഴിക്കുന്ന ഒരു നയമാണു് എന്നു ഒരു ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ഈ ബില്ലിന്റെ രണ്ടാം വായനയിൽ ഞാൻ പങ്കുകൊണ്ടില്ല. അതിനെ ഞാൻ നിബ്ബന്ധമായി നിഷേധിക്കുകയായിരുന്നു. അതുകൊണ്ടു് ഗുണകരം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു ചില പ്രധാന സംഗതികളും ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണു് ഇപ്പോൾ ഈ ബില്ലിനെ അനുകൂലിച്ചും എതിർപ്പിനെ പ്രതികൂലിച്ചും സംസാരിക്കുന്നതു്. ആദ്യമായി ഈ ബില്ലിനെ സംബന്ധിച്ചൊരു ഭേദഗതി ഇവിടെ ശ്രീ. വേലപ്പൻ കൊണ്ടുവരികയുണ്ടായി. അതായതു് ആദ്യത്തെ താലൂക്കുകളെ ഈ നിയമത്തിൽനിന്നും ഒഴിവാക്കണമെന്നായിരുന്നു. എന്നാൽ അതിനടുത്ത താലൂക്കിലെ മെമ്പറന്മാർ അതു വേണ്ടന്നു പറഞ്ഞു എതിർക്കുകയാണുണ്ടായതു്.

ശ്രീ. കെ. കരുണാകരൻ: എതെല്ലാം താലൂക്കുകളാണു് ഒഴിവാക്കണമെന്നു് പറഞ്ഞതു്?

ശ്രീ. തരിയത്തു കുഞ്ഞിത്തൊമ്മൻ: അതു അമെൻഡുമെൻറു് നോക്കിയാൽ അറിയാം. അതു ആ സ്ഥലത്തുള്ള കൃഷിക്കാരായ ജനങ്ങളെ സഹായിക്കുന്നതിനാണല്ലോ. അങ്ങിനെയുള്ള സഹായമാണു് ഇവിടെ വേണ്ടതു്. എന്നാൽ ആ ഭേദഗതി ഇവിടെ അവതരിപ്പിക്കയുണ്ടായില്ല.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: വയലിൽ വേല ചെയ്യുന്നവരെയാണോ, ചെയ്യിക്കുന്നവരെയാണോ കർഷകർ എന്നു പറയുന്നതു്?

ശ്രീ. തരിയത്തു കുഞ്ഞിത്തൊമ്മൻ: കൃഷി ചെയ്യുന്നവരും ചെയ്യിക്കുന്നവരും കർഷകർ തന്നെ. കൃഷിചെയ്യുണ്ടാക്കുന്ന സാധനങ്ങൾ വിറ്റ കിട്ടുന്ന പണംകൊണ്ടു് സാധനങ്ങൾ വാങ്ങി ജീവിക്കുന്നവരാണു് ധാരാളമായിട്ടുള്ളതു്. ഇന്നു കർഷകനു മാത്രമല്ല, എസ്റ്റു് മന്ത്രിയ്ക്കായാലും കാർഷികോല്പന്നങ്ങൾ വിറ്റ പണമുണ്ടാക്കേണ്ടിവരുന്നതാണു്. ഇന്നു മുതലാളിമാരായാലും ഇടത്തരക്കാരായാലും എല്ലാം അങ്ങിനെയാണു് കഴിയുന്നതു്.

ഇവിടെ പറയുകയുണ്ടായി ഈ ബിൽ ഭൂമി ഉടമസ്ഥന്മാരെ രക്ഷിക്കാൻവേണ്ടി ഉണ്ടാക്കിട്ടുള്ളതാണെന്നു്. അങ്ങിനെയാണെങ്കിൽ എനിക്കു പറയുവാനുള്ളതു് ഈമാതിരി ഒരു നിയമം യാതൊരു നാട്ടുരാജ്യങ്ങളിലും ഇന്നു നിലവിലില്ല എന്നുള്ളതാണു്. ഒരു പ്രവിശ്യയിലുമില്ല. മറെങ്ങുമില്ലാത്ത ഒരു നിയമം ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് മുതലാളിമാരെ സഹായിക്കുന്നതിനാണെന്നും ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പറയുകയുണ്ടായി. ഇതു കർഷകമുതലാളിമാരെ എങ്ങിനെയാണു് സഹായിക്കുക? ഇതു അവരെ സഹായിക്കുന്നതിനാണെങ്കിൽ ഈ വിധത്തിലുള്ള സഹായങ്ങൾ വേണ്ടേ വേണ്ടാ എന്നാണു ഞാൻ പറയുന്നതു്. ഞാൻ ഒരു മുതലാളിയൊന്നുമല്ല. എനിക്കു കുറച്ചു ഭൂമി ഉണ്ടു് എന്നു മാത്രമേയുള്ളൂ. എന്നാൽ അതുകൊണ്ടുമാത്രം ഈ മുതലാളിമാർ ചൂഷകരാണു്, കള്ളന്മാരാണു്, അക്രമികളാണു് എന്നൊക്കെല്ലാം പറയുന്നതു വളരെ കഷ്ടമാണു്. കർഷകർ വളരെ ബുദ്ധിമുട്ടി പണം ചെലവുചെയ്തു കൃഷിചെയ്തു് എന്തെങ്കിലും ആദായമുണ്ടാക്കി അതിലൊരംശംകൊണ്ടെങ്കിലേയ്ക്കും കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഇപ്രകാരം പറയുന്നതു് ഇട്ട കൈക്കു് കടിക്കുക എന്ന ന്യായത്തിനുപോലെയാണു്. ഇതെല്ലാംകൊണ്ടാണു് ഞാൻ പറയുന്നതു് ഈ ബിൽ വളരെ സൂക്ഷിച്ചു നടപ്പിലാക്കണമെന്നും, സൂക്ഷിച്ചുപയോഗിക്കണമെന്നും. അതുമാത്രമല്ല മന്ദം ശങ്കർ മുതലായ മെമ്പറന്മാരുടെ വടംവലിയുടെ ഇടയിൽക്കൂടിയാണല്ലോ ഈ ബിൽ പാസാക്കി എടുത്തിരിക്കുന്നതു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ കാർഷികാദായനികുതി ബിൽ നടപ്പിലാക്കുന്നതിനു പ്രത്യേകമായ വല്ല അന്തരീക്ഷവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തര്യത്ത കുഞ്ഞിത്തൊമ്മൻ : എല്ലാ അന്തരീക്ഷവുമുണ്ട്. ബഹു. മെമ്പറന്മാരായ മന്ദം, ശങ്കർ, ശങ്കുണ്ണിപ്പിള്ള ഇവരാരുംതന്നെ ഈ ബില്ലിനെ താലോലിച്ചിട്ടില്ല. ഇതു രാജ്യത്തിന്റെ നന്മയ്ക്കാണെങ്കിൽ കുറെ പേർ അനുകൂലിക്കണമല്ലോ എന്നു വിചാരിച്ചനുകൂലിച്ചതാണു്. ഇതു കർഷകർക്ക് ഒരു കണ്ണാകോടാലിയാണു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഇതിന്റെ വ്യവഹാരം വളരെ സൂക്ഷിച്ചുണ്ടാക്കി നടപ്പിലാക്കണമെന്നു്.

ശ്രീ. മന്നത്തു പത്മനാഭൻ : ദേവസ്വം ബില്ലിൽ ഇവിടെ പാസാക്കുന്ന അവസരത്തിൽ എന്റെ സ്നേഹിതൻ ഇവിടെ ഹാജരുണ്ടായിരുന്നോ?

ശ്രീ. തര്യത്ത കുഞ്ഞിത്തൊമ്മൻ : ഉണ്ടായിരുന്നു. ഈശ്വരവിശ്വാസവും സത്യധർമ്മങ്ങളിൽ നിഷ്ഠയും ഉള്ളവരെക്കൊണ്ടു് ദേവസ്വം ഭരണം നടത്തിക്കണമെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം. അസത്യവാദികളും ശൂന്യവാദികളുമായവരുടെ കൈയിൽ ഇതു പോകരുതെന്നുമാത്രമേ എനിക്കൊരഭിപ്രായമുള്ളൂ. കൃസ്തുമതം കൃസ്താബ്ദത്തിനുശേഷമാണുണ്ടായതു്. അതിനുമുമ്പു് ഹിന്ദുമതമുണ്ടായിരുന്നു. ഹിന്ദുമതവും കൃസ്തുമതവും ഇവിടെയോജിച്ചാണു് കഴിഞ്ഞുവന്നതു്.

ശ്രീ. ഇട്ടീര അയ്യക്കൻ : ഇപ്പോൾ ദേവസ്വം ബോർഡിൽ ഈശ്വരവിശ്വാസമില്ലാത്തവരുണ്ടോ?

ശ്രീ. തര്യത്ത കുഞ്ഞിത്തൊമ്മൻ : എന്നു ഞാൻ പറഞ്ഞതിൽനിന്നും അത്ഥമാക്കേണ്ടതില്ല. ഞാൻ ഹിന്ദുമതതത്വങ്ങളെ ബഹുമാനിക്കുന്നു. എന്റെ പൂർവ്വികന്മാർ ഹിന്ദുവായിരുന്നില്ല. എതായാലും സാമുദായികമായ അസ്വസ്ഥതകൾക്കു് ഇടം കൊടുക്കാതെ എല്ലാ മതക്കാരും സൗഹാർദ്ദമായി പെരുമാറേണ്ടതാണു്.

അതുകൊണ്ടു് ഈ അന്തരീക്ഷത്തിൽ വളരെ ആലോചിച്ചുവേണം ഈ ബിൽ നിയമമാക്കുവാനെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ ഈ നിയമത്തിനു സാമുദായികച്ഛായ നൽകുന്നതു് ഒരിക്കലും ശരിയല്ല. അഞ്ചംഗങ്ങളിൽ കുറവല്ലാത്ത ഒരു ഹിന്ദുസമുദായത്തിലെ കുടുംബത്തിനു പ്രതിവർഷം ആറായിരം രൂപാ വരുമാനമുണ്ടെങ്കിൽ മാത്രം ആദായനികുതി കൊടുത്താൽ മതിയെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ടു് മഠം സമുദായങ്ങളിലുള്ളവർക്ക് ഇതിൽ അസൂയയും അസംതൃപ്തിയും ഉണ്ടാകുമെന്നുള്ളതു സാധാരമാണു്. ഞാൻ ആക്ഷേപം ഒന്നും കൊടുക്കുന്നതിൽ വിരോധിയല്ല. പക്ഷെ എല്ലാവർക്കും ഒരുപോലെ കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. ഇപ്രകാരം ഒരു വകുപ്പു് ഈ ബില്ലിൽ ഉണ്ടായിരുന്നാൽ സാമുദായികവൈഷമ്യങ്ങളും ഉണ്ടാകുവാൻ ഇടയുണ്ടെന്നാണു് എനിക്കു സഭയെ വീണ്ടും അറിയിക്കുവാനുള്ളതു്. ഇതിനെ സംബന്ധിച്ചു് ഈ സഭാദ്ധ്യക്ഷൻ പരിചിന്തനം ചെയ്യേണ്ടതാണു്. അങ്ങനെയുള്ള ഒരു ഉദ്ദേശത്തോടുകൂടി മാത്രമാണു് ഞാൻ ഈ മാതിരിയുള്ള വസ്തുതകളെല്ലാം തുറന്നുപറയുവാൻ ആഗ്രഹിക്കുന്നതു്. സമുദായസ്പർദ്ധ ഉണ്ടാകുവാൻ ഈ വകുപ്പു് ധാരാളം പര്യാപ്തമാണു്. ഈ രാജ്യത്തു കൈക്കൂലിയും അഴിമതിയും ധാരാളം നടമാടുന്നുവെന്നു എല്ലാവരും പറയുന്നതു കേൾക്കാം. എന്നാൽ ഗവർമ്മെണ്ടിനു് ആദായനികുതി കൊടുക്കുവാൻ ആരുമില്ല, കൃഷിക്കാരൻ മാത്രമേയുള്ളൂ. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ആദായനികുതി കൂട്ടിയതിനെ അപലപിക്കുകയുണ്ടായി. എതായാലും ഈ നികുതി എപ്പോഴാണു് ഡിമോൺസ്ട്രേഷൻകാരുടെ വാഴവെട്ടുപോലെയാണെന്നു പറയാതെ നിവൃത്തിയില്ല. ചിലപ്പോൾ വാഴവെട്ടുന്നതു വട്ടത്തിലായിരിക്കും, ചിലപ്പോൾ നീളത്തിലായിരിക്കും. ഏതുവിധത്തിലായിരിക്കുമെന്നു തീരുമാനിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഈ വിധത്തിൽതന്നെയാണു് ഇന്നത്തെ കാർഷികാദായനികുതി എപ്പോഴാണു്. ഈ നികുതി എപ്പോഴാണു് ആർക്കും പ്രയോജനപ്പെടത്തക്ക വിധത്തിലല്ല ഇന്നു കൊണ്ടുവന്നിരിക്കുന്നതു്. ഒരു വർഷത്തിൽ കർഷകൻ കിട്ടുന്ന ആദായം എന്തായിരിക്കുമെന്നു ഒരുവിധത്തിലും നിശ്ചയിക്കുവാൻ നിവൃത്തിയില്ല. ഈ വർഷത്തിൽ അവനു അറുനൂറു രൂപയാണൊ ആറായിരം രൂപയാണൊ ആദായം കിട്ടുന്നതെന്നു അറിഞ്ഞുകൂടാ. അതുകൊണ്ടു് ഇന്നതുക ആണ്ടിൽ കൊടുക്കണമെന്നു ക്ലിപ്തമായി നിശ്ചയിച്ചാൽ സന്തോഷത്തോടുകൂടി അതു കൊടുക്കുന്നതിനു വിരോധമില്ല. ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയാണല്ലൊ ഈ പണം വിനിയോഗിക്കുന്നതെന്നോർത്തു സമാധാനപ്പെടാം. ഞാനംകൂടി ഉൾപ്പെട്ട പാർട്ടിയാണു് ഈ നിയമം പാസാക്കുന്നതെന്നുള്ളതുകൊണ്ടും അതിൽ എനിക്കുംകൂടി ഉത്തരവാദിത്വമുള്ളതുകൊണ്ടും മാത്രമാണു് ഞാൻ ഈവക കാര്യങ്ങൾ ഇപ്പോൾ പറയുന്നതു്. ന്യായ

മായ രീതിയിൽ, ശരിയായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ന തുക ആദായനികുതി കൊടുക്കണമെന്ന പറഞ്ഞാൽ ആ തുക എത്രയാണെങ്കിലും കൊടുക്കാം. ഇന്ന നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കുന്നതായാൽ കരിമ്പന്തക്കാരുടെയും റേഷനിംഗ് ആഫീസറന്മാരുടെ ബന്ധുക്കളുടെയും റേഷൻ വ്യാപാരികളുടെയും മറ്റും വലിയ മണിമാളികകളാണ് കാണുവാൻ സാധിക്കുന്നത്. അതൊന്നും കർഷകരുടെ വീടുകളല്ല. ക്ഷീണിക്കാർ ഇന്ന ശൂന്യതയിലേയ്ക്കാണ് പോകുന്നത്. തൻമൂലം രാജ്യം അധഃപതിക്കുമെന്നുള്ള കാര്യം ആരും വിസ്മരിച്ചുകൂടാത്തതാണ്. നാട്ടിൽ സാമ്പത്തികമായ അധഃപതനമുണ്ടാകുമ്പോഴാണ് വാരിക്കുന്നവരുമായി പുറപ്പെടുന്ന പ്രസ്ഥാനക്കാരെ സാമാന്യ ജനങ്ങൾ അനുതാപിക്കുന്നത്. കാർഷികാഭിവൃദ്ധികൊണ്ടുവേണം രാജ്യം അഭിവൃദ്ധിപ്പെടുവാനെന്നുള്ള തത്വം ഉപേക്ഷിക്കേണ്ടതല്ല. അതുകൊണ്ട് ഈ അന്തരീക്ഷത്തിൽ വളരെ കരുതലോടുകൂടി മാത്രമേ ഈ നിയമം നടപ്പിൽ വരുത്തുവാൻ ഒരുങ്ങാവുയെന്ന പ്രസ്താവിച്ചുകൊണ്ട് ഈ ബില്ലിനെ എതിർക്കുവരെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

Sri. P. Nanoo: On a point of order, Sir. ഇപ്പോൾ ആലോചനാവിഷയമായിരിക്കുന്ന ഇ ഭാഗം ര ഉ, മൂന്നാം ഉപവകുപ്പനുസരിച്ചുള്ള ഒരു മോഷനാണ്. ബിൽ ഇന്നലെ രണ്ടാം വായനയ്ക്കെടുത്തപ്പോൾ ചില ഭേദഗതികൾ അവതരിപ്പിച്ചതുകൊണ്ട് ഇന്നലെത്തന്നെ അതു പാസ്സാക്കുവാൻ പാടില്ലെന്നും ഒരു വാദം കൊണ്ടുവന്നതിന്റെ ഫലമായി ഇന്നലെ അതു മാറ്റിവയ്ക്കുകയുണ്ടായി. സബ്ക്ലോസു് മൂന്ന ഇതാണ്. "Where the objection prevails, a motion that the Bill be passed may be brought forward on any future day." അങ്ങനെ ഒരു മോഷൻവന്നാൽ എന്തു നടപടിയാണ് എടുക്കേണ്ടതെന്ന സബ്ക്ലോസു് നാലിൽ പറയുന്നുണ്ട്. "To such a motion no amendment may be moved which is not either formal or consequential upon an amendment made after the Bill was taken into consideration." അങ്ങനെയുള്ള ഒരു മോഷനു ഭേദഗതിതന്നെ ഫാർമലായി മാത്രമേ ഹാജരാക്കുവാൻ പാടുള്ളുവെന്ന പറഞ്ഞിരിക്കുന്ന സ്ഥിതിക്ക മോഷനെതന്നെ എതിർക്കാമോയെന്നറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഡിറേയിൽസിലേയ്ക്കു കടക്കുവാൻ പാടില്ലെന്നല്ലാതെ ബില്ലിനെ അനുകൂലിക്കുകയൊ പ്രതികൂലിക്കുകയൊ ചെയ്യാവുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: ഈ ബില്ലിനെ എതിർക്കുന്നതോടുകൂടി, തിരുവിതാംകൂർ പ്രദേശത്തെ ബാധിക്കുന്നതായ അടിസ്ഥാനനികുതി ഒരു മാത്തമാറ്റിക്കൽ കാൽക്കുലേഷൻ അനുസരിച്ച്, ഒരു തത്വത്തെയും അടിസ്ഥാനമാക്കിയല്ലാതെ, മൂന്നു പൈസ മിനിമം നികുതി എന്ന അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതിന്റെ ദോഷവശങ്ങളെപ്പറ്റി പറയാതെ നിവൃത്തിയില്ല. തിരുവിതാംകൂറിൽ ആദ്യമായി കാർഷികാദായനികുതി ഏർപ്പെടുത്തിയപ്പോൾ, ഒരു ടോക്കൻ ടാക്സ് എന്ന നിലയിൽ നാലുകാശായി ക്ലിപ്പപ്പെടുത്തിയപ്പോൾ, അതിനുമുമ്പു കർഷകർ കൊടുത്തുകൊണ്ടിരുന്ന നികുതിയാണൊ ഈ ബേസിക്ക് ടാക്സാണൊ കൂടുവ് അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ടാക്സായിരുന്ന ഇവിടെ പുതുതായി നടപ്പിൽ വരുത്തുന്നതിനിരുന്നതു്. അതേവിധത്തിൽ കൊച്ചിയിൽ ഭൂനികുതിക്ക പകരം അടിസ്ഥാനനികുതി ഏർപ്പെടുത്തുമ്പോൾ, അതിനുമുമ്പു കൊച്ചിയിൽ കൊടുത്തുകൊണ്ടിരുന്ന ഭൂനികുതിയാണൊ, പുതുതായി ഏർപ്പെടുത്തുന്ന അടിസ്ഥാനനികുതിയാണൊ ഏതാണ് ചെറുതു എന്നു ഉലനംചെയ്യുന്നോക്കി രണ്ടിൽ ചെറുതായിട്ടുള്ള ഭൂമിനികുതി മാത്രമേ നടപ്പിൽ വരുത്തുവാൻ പാടുള്ളുവെന്നാണ് എന്റെ അഭിപ്രായം. അതുകൂടാതെ സാദ്ധ്യമല്ല. പണം ആവശ്യമുള്ളിടത്തോളം ശക്തിയായ

[Sri. C. V. Iyyu]

പാട്ടത്തേക്കാൾ കൂടിവരുന്നതു് ഒരിക്കലും അനുഭവണീയമല്ല. ഈ സംഗതി ഗവമ്മെണ്ടിന്റെ പുനഃപരിശോധനയ്ക്കു് വിഷയമാകണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. നികുതി സമീകരണം കൊച്ചിയിലും തിരുവിതാംകൂറിലും നടപ്പിൽ വരുത്തുമ്പോൾ അതു മുമ്പുണ്ടായിരുന്ന സെറ്റിൽമെന്റു് പാട്ടത്തേക്കാൾ ഒരിക്കലും കൂടിയിരിക്കുവാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യേണ്ടതാണു്. ഇതിൽ ഏതു നികുതിയാണു് ചെറുതായിരിക്കുന്നതു അതുമാത്രമെ നടപ്പിൽ വരുത്തുവാൻ പാടുള്ളു. കൊച്ചിയെ സംബന്ധിച്ചു തനിച്ചു പറയുന്നതായാൽ കാർഷികാദായനികുതി അവിടത്തെ കർഷകർക്കു് ഒരു വലിയ ഭാരമായി പരിണമിക്കുമെന്നുള്ളതിൽ തർക്കമില്ല. മൂലം എങ്ങനെയൊക്കെ ഇരുന്നാലും ഗവമ്മെണ്ടിന്റെ കോശസ്ഥിതി വഷളിപ്പിക്കുന്നതിനുവേണ്ടി, ഗവമ്മെണ്ടിന്റെ വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാർ, അവരുടെ ഭാവിയെ പരിഗണിച്ചു് ജനങ്ങളിൽനിന്നും കൂടുതൽ നികുതി ഈടാക്കുമെന്നുള്ളതിൽ സംശയമില്ല. ചുമത്തിയാൽ പിന്നെ അതിനു പരിഹാരം നേടുവാനുള്ള നിയമങ്ങളൊന്നും തന്നെ സാധാരണ ജനങ്ങളുടെ പരിധിയിൽ എത്തപ്പെടുകയില്ല. തിരുവിതാംകൂറിലുള്ള കർഷകമുതലാളിമാർക്കു് ഈ സംബന്ധിച്ചു് അപ്പീൽ ബോധിപ്പിക്കുന്നതിനോ ഹൈക്കോടതിയിലേക്കു റഫർ ചെയ്യുന്നതിനോ സാധിക്കുമെങ്കിലും ഒരു സാധാരണ കൃഷിക്കാരനു അതു് ഒരു വലിയ ഭാരമായി പരിണമിക്കുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു് ഈ ബിൽ നിയമമായി നടപ്പിൽ വരുന്നതിനുമുമ്പു്, തിരുവിതാംകൂറിൽ നടപ്പിലാക്കിയിട്ടുള്ള കാർഷികാദായനികുതിയാണോ, പഴയ സെറ്റിൽമെന്റു് പാട്ടമാണോ കർഷകനു ആശ്വാസകരമായിട്ടുള്ളതെന്നു കണ്ടുപിടിച്ചു് ശരിയായ ഒരു നിയമം രൂപീകരിക്കുന്നതുവരെ ഈ ബിൽ നടപ്പിൽ വരുത്തരുതെന്നുള്ള അപേക്ഷയോടുകൂടി ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. ജെ. ജാൺ: സർ, ശ്രീ. ഇട്ടീരാ അന്ത്രുക്കൻ അവർകൾ ഇവിടെ ഉന്നയിച്ചിട്ടുള്ള വാദം സ്വീകാര്യമല്ലാ. ഈ സഭയിലുള്ള മെമ്പറന്മാർ എല്ലാവരും തന്നെ ഈ ബില്ലു സംബന്ധിച്ചു് രണ്ടഭിപ്രായക്കാരാണെന്നു് ഇവിടെ അവതരിപ്പിച്ച ഭേദഗതികൾകൊണ്ടു് മനസ്സിലാക്കാമെന്നുള്ളതാണു്. കൂടാതെ ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത സംയോജനം, മദ്യനിരോധനം, മുതലായവയെക്കുറിച്ചെല്ലാം പറയുകയുണ്ടായി. അതിനൊന്നും തന്നെ മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം ഇവിടെ പ്രസ്താവിച്ചതു് ഏതു ബിൽ ഇവിടെ കൊണ്ടുവന്നാലും മൂശീയപ്രതിപക്ഷമുള്ളതുകൊണ്ടു് അതെല്ലാം പാസാക്കിയെടുക്കാമെന്നാണു്. ജനപ്രതിനിധി സഭകളെക്കുറിച്ചു് അല്പമെങ്കിലും അറിവുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ഈ വാദം കൊണ്ടുവരികയില്ലായിരുന്നുവെന്നു മാത്രമാണു് എനിക്കു അതെസംബന്ധിച്ചു പറയുവാനുള്ളതു്. രാജ്യത്തെ ജനപ്രതിനിധികളുടെ പ്രതിപക്ഷാഭിപ്രായമനുസരിച്ചു് നിയമങ്ങൾ പാസാക്കുകയെന്നുള്ളതാണു് പരിഷ്കൃതലോകം അംഗീകരിച്ചിട്ടുള്ള തത്വം. അതിനു വിപരീതമായി നിയമമുണ്ടാക്കണമെന്നു മി. അന്ത്രുക്കൻ പറയുന്നതു സ്വീകരിക്കുവാൻ നിവൃത്തിയില്ല. ശ്രീ. കുഞ്ഞിത്തൊമ്മൻ അവർകൾ രൂപകല്പനചെയ്യുന്നതു് വളരെ സൂക്ഷിച്ചുവേണമെന്നു പറയുകയുണ്ടായി. അതു് ഗവമ്മെണ്ടിനു നല്ലതുപോലെ ബോദ്ധ്യമുള്ള ഒരു സംഗതിയാണു്. ഈ ബിൽ നിയമമായി നടപ്പിൽ വരുമ്പോൾ അതനുസരിച്ചുള്ള രൂപകല്പന ഗവമ്മെണ്ടു വളരെ ആലോചിച്ചായിരിക്കും ഉണ്ടാക്കുന്നതു്.

ശ്രീ. ഇയ്യു അവർകൾ ഇവിടെ പറഞ്ഞഭേദഗതികൾക്കു ഈ ബില്ലിന്റെ രണ്ടാംവായന സമയത്തു് ഞാൻ സമാധാനം പറഞ്ഞിട്ടുള്ളതാണു്. തിരുവിതാംകൂറിലെ റേറു് കൊച്ചിയിലും നടപ്പാക്കണമെന്നുള്ളതാണു് കൊച്ചിയിലെ മെമ്പറന്മാരുടെ അഭിപ്രായമെങ്കിൽ അങ്ങിനെ ചെയ്യുന്നതിനു വലിയ പ്രയാസമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. വി. ഇയ്യു: വലിയ പ്രയാസമില്ലെങ്കിലും നികുതിവർദ്ധിപ്പിച്ചാൽ സാധുക്കളായ കർഷകർ വിഷമിക്കും. ഏതു നികുതി ചെറുതാണോ അതാണു് നടപ്പിൽ വരുത്തേണ്ടതു്.

ശ്രീ. എ. ജെ. ജാൺ: ഇതു രണ്ടും കൂടി പറഞ്ഞാൽ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. തിരുവിതാംകൂറിലെ നിയമം കൊച്ചിയിലും നടപ്പാക്കണമെന്നാണു് അഭിപ്രായമെങ്കിൽ അതു നടപ്പിലാക്കുവാൻ ഗവമ്മെൻറു ശ്രമിക്കുന്നതാണു്. അതാണു് ഗവമ്മെണ്ടിന്റെ നില. ശ്രീമാൻ ഇയ്യു പറയുന്നതു് ഏതു കാര്യമുണ്ടോ അതു കൂട്ടരുതെന്നും ഏതു

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലുണ്ടോ അതു കുറയ്ക്കണമെന്നുമാണ്. ഈ നില സ്വീകരിക്കുവാൻ മറ്റു നിവൃത്തിയുമില്ലെന്നു ഞാൻ വ്യക്തമായി പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യു: അഞ്ചിനെയാക്കണമെങ്കിൽ കുറെ നികുതി ഇളവു ചെയ്യുന്നതാണം.

ശ്രീ. എ. ജെ. ജോൺ: അതൊന്നും സാധ്യമല്ല.

The question that the Bill be passed was put and carried.

The Bill was passed.

The United State of Travancore and Cochin Prisoners Bill

Sri. T. K. Narayana Pillai: I move that the United State of Travancore and Cochin Prisoners Bill be passed, subject to the following modifications which are either of a verbal or consequential nature.

(1) In sub-clause (1) of Clause 1, for the figures "112" the figures "1950" may be substituted.

(2) In Clause 5, line 1, for the words "United State", the word "State" may be substituted.

(3) In Clause 5, sub-clause (*a*), line 2, for the words "United State", the word "State" may be substituted.

(4) In Clause 8, line 3, for the words "United State", the word "State" may be substituted.

(5) In Clause 9, sub-clause (1), line 7, for the words "United State", the word "State" may be substituted.

(6) In Clause 9, sub-clause (2), line 5, for the words "United State", the word "State" may be substituted.

(7) In Clause 9, sub-clause (4), line 3, for the words "United State", the word "State" may be substituted.

(8) In Clause 12, line 3, for the words "United State", the word "State" may be substituted.

(9) In Clause 17, sub-clause (*a*), line 3, for the words "United State", the word "State" may be substituted.

Sri. A. J. John: I second the motion.

The motion that the Bill be passed, subject to the modifications proposed by the Hon'ble Minister in charge was put and carried.

The Bill was passed.

The United State of Travancore and Cochin Prisons Bill

Sri. T. K. Narayana Pillai: I move that the Bill be passed, subject to the following modifications which are only of a formal nature.

1. In the Title for the words 'United State of Travancore and Cochin', the words 'Travancore-Cochin' be substituted.

2. In the Preamble for the words 'United State of Travancore and Cochin', the words 'State of Travancore-Cochin' be substituted.

3. In Clause (1)—

(*a*) for the words and figures 'United State of Travancore and Cochin Prisons Act 1122' the words and figures 'Travancore-Cochin Prisons Act 1950'. be substituted.

(*b*) In sub-clause (2) for the words 'United State' the words 'State of Travancore-Cochin' be substituted.

4. In Clause 4, for the words 'United State' the words 'State of Travancore-Cochin' be substituted.

5. In the explanation to Clause 40 for the words 'United State of Travancore and Cochin' the words 'State of Travancore-Cochin' may be substituted.

Sri. A. J. John: I second it.

LIBRARY ARCHIVES Kerala Legislative Assembly